**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5043** **20-07-2022 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിലെ കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിന്റെ ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിന്റെ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ; | (എ) | കോട്ടയം ജില്ലയിലെ കടപ്ലാമറ്റം വില്ലേജിലെ 1.03.20 ഹെക്ടർ സ്ഥലം കടപ്ലാമറ്റം ടെക്നിക്കൽ സ്കൂൾ നിർമ്മാണത്തിന് എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട 11(1) വിജ്ഞാപനം 23-09-2021 ലെ 2752-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും സർവ്വെ നടപടികൾ പൂർത്തിയായിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളിലെ കാലതാമസം പരിഹരിക്കാൻ വകുപ്പ് നടപടി സ്വീകരിക്കുമോ; | (ബി) | പ്രസ്തുത സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളിൽ LARR Act ൽ നിഷ്കർഷിച്ചിരിക്കും പ്രകാരമുള്ള സമയപരിധി പാലിച്ച് നടപടി സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | പ്രസ്തുത സ്കൂളിന്റെ സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച് ഇനി എന്തെല്ലാം നടപടി ക്രമങ്ങൾ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. തുടർന്ന് അർത്ഥനാധികാരിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി 19(1) പ്രഖ്യാപനം പ്രസിദ്ധീകരിച്ച് അവാർഡ് പാസാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്. |

സെക്ഷൻ ഓഫീസർ